"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ്-ജീവനക്കാര്യം- കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മനോജ് കുമാർ ജി. യെ ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിപ്രാബല്യത്തിൽ സർവ്വീസിൽ നിലനിർത്തുന്നതിനായി 2016ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചും ടിയാന് അർഹമായ ശമ്പളവും മറ്റാനുകൂല്യങ്ങളും ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയ്യതി പ്രാബല്യത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

---

**റവന്യൂ (ടി) വകുപ്പ്**

സ.ഉ.(കൈ) നം.165/2025/RD തീയതി,തിരുവനന്തപുരം, 07-06-2025

---

പരാമർശം:- 1. ശ്രീ. മനോജ് കുമാർ ജി. യുടെ അപേക്ഷ.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.12.2024 ലെ LR/12615/2024-LR(E4) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ. മനോജ് കുമാർ ജി. ക്ക് വാഹനാപകടത്തെ തുടർന്ന് നട്ടെല്ലിന് മാരകമായ ക്ഷതം സംഭവിച്ചതിനാൽ, ടിയാൻ തലയ്ക്ക് കീഴ്പ്പോട്ട് തളർന്നു ഇപ്പോഴും കിടപ്പുരോഗിയായി തുടരുകയാണെന്നും, തലശ്ശേരി ജനറൽ ആശുപത്രി മെഡിക്കൽ ബോർഡ് 08.02.2024ൽ നൽകിയ സാക്ഷ്യപത്രത്തിൽ ശ്രീ. മനോജ് കുമാർ ജി. ക്ക് 90% ഡിസബിലിറ്റിയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും, 31.08.2022 മുതൽ അവധിയിലായിരുന്ന ടിയാൾക്ക് 2024 മെയ് മാസം വരെയുള്ള ശമ്പളം അനുവദിച്ചിട്ടുള്ളതാണെന്നും കുടുംബത്തിന്റ ഏക ആശ്രയമായ ടിയാന് 2016 ലെ ഭിന്നശേഷി അവകാശ നിയമം (RPWD Act,2016) സെക്ഷൻ 20(4) ലെ വ്യവസ്ഥ പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കണമെന്ന് ശ്രീ. മനോജ് കുമാർ ജി. പരാമർശം(1) പ്രകാരം

അഭ്യർത്ഥിച്ചിട്ടുള്ളതായും ടിയാന് ഓഫീസിൽ വന്ന് തസ്തികയിലെ ജോലി നിർവഹിക്കാൻ സാധ്യമല്ലാത്തതിനാൽ ടിയാനെ ഒരു സൂപ്പർന്യൂമററി തസ്തികയിലേയ്ക്ക് മാറ്റി, വിരമിക്കുന്നതുവരെ ശമ്പളം അനുവദിക്കുന്നതിലേയ്ക്കുള്ള ഉത്തരവുണ്ടാകണമെന്ന് കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെടുകയും, ശ്രീ. മനോജ് കുമാർ ജി. യുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മനോജ് കുമാർ ജി. യെ ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 08.02.2024 പ്രാബല്യത്തിൽ സർവ്വീസിൽ നിലനിർത്തുന്നതിനായി, 2016ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചും, ടിയാന് 2016ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം അർഹമായ ശമ്പളവും മറ്റാനുകൂല്യങ്ങളും 08.02.2024 തീയ്യതി പ്രാബല്യത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1. കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കണ്ണൂർ.
3. ശ്രീ. മനോജ് കുമാർ ജി. ക്ക്. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്"/എ&ഇ), കേരളം, തിരുവനന്തപുരം.
5. സാമൂഹ്യനീതി വകുപ്പ്(13-02-2025 ലെ SJD-B1/43/-SJD നമ്പർ റിമാർക്സ് പ്രകാരം)
6. ധനകാര്യ വകുപ്പ്. ( 23.04.2025 ലെ No.E.3072731/EXP -D1/89/2025-FIN നമ്പർ പ്രകാരം)
7. പൊതുഭരണ (എസ്.സി) വകുപ്പ്(05.06.2025 ലെ ഇനം നം.3002 പ്രകാരം)
8. ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ) ഐ & പി.ആർ. ഡിവിഷൻ ഡിപ്പാർട്ട്മെൻറ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (REV-T3/7/2025-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 08-06-2025 10:04:39

സെക്ഷൻ ഓഫീസർ

പകർപ്പ്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. റവ-റ്റി3/7/2025-റവ. ഇനം നം: 3002

വിഷയം : റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ. മനോജ് കുമാർ.ജി-യെ ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 08.02.2024 പ്രാബല്യത്തിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 20(4)-ലെ വ്യവസ്ഥ പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നതും ടിയാന് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

5/6

3002

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി3/7/2025-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ. മനോജ് കുമാർ ജി. യെ ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 08.02.2024 പ്രാബല്യത്തിൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 20(4) ലെ വ്യവസ്ഥ പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നതും ടിയാന് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതും സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.05.2025 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 19.05.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ. മനോജ് കുമാർ ജി. യെ ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 08.02.2024 പ്രാബല്യത്തിൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 20(4) ലെ വ്യവസ്ഥ പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നതും ടിയാന് അർഹമായ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്ക് വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ. മനോജ് കുമാർ ജി. ക്ക് വാഹനാപകടത്തെ തുടർന്ന് നട്ടെല്ലിന് മാരകമായ ക്ഷതം സംഭവിച്ചതിനാൽ, ടിയാൻ തലയ്ക്ക് കീഴ്പോട്ട് തളർന്നു ഇപ്പോഴും കിടപ്പുരോഗിയായി തുടരുകയാണെന്നും, തലശ്ശേരി ജനറൽ ആശുപത്രി മെഡിക്കൽ ബോർഡ് 08.02.2024 ൽ നൽകിയ സാക്ഷ്യപത്രത്തിൽ ടിയാന് 90% ഡിസബിലിറ്റി യാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും, 31.08.2022 മുതൽ അവധിയിലായിരുന്ന ടിയാൾക്ക് 2024 മെയ് മാസം വരെയുള്ള ശമ്പളം അനുവദിച്ചിട്ടുള്ളതാണെന്നും കുടുംബത്തിന്റ ഏക ആശ്രയമായ ടിയാന് 2016 ലെ ഭിന്നശേഷി അവകാശ നിയമം (RPWD Act) സെക്ഷൻ 20(4) ലെ വ്യവസ്ഥ പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കണമെന്ന് ശ്രീ. മനോജ് കുമാർ ജി. അഭ്യർത്ഥിച്ചിട്ടുള്ളതായും ടിയാന് ഓഫീസിൽ വന്ന് തസ്തികയിലെ ജോലി നിർവഹിക്കാൻ സാധ്യമല്ലാത്തതിനാൽ ടിയാനെ ഒരു സൂപ്പർന്യൂമററി തസ്തികയിലേയ്ക്ക് മാറ്റി, വിരമിക്കുന്നതുവരെ ശമ്പളം അനുവദിക്കുന്നതിലേയ്ക്കുള്ള ഉത്തരവുണ്ടാകണമെന്ന് കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെടുകയും, ടിയാന്റെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

3. ഈ വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"സേവനത്തിലിരിക്കേ ഭിന്നശേഷിത്വം ബാധിച്ച ജീവനക്കാരെ സേവനത്തിൽ നിലനിർത്തുന്നത് സംബന്ധിച്ച് 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20 ലേയ്ക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ആക്റ്റ് പ്രകാരം സർവ്വീസിലിരിക്കെ വഹിക്കുന്ന

തസ്തികയ്ക്ക് അനുയോജ്യനല്ലാത്ത വിധത്തിൽ വികലാംഗത്വം സംഭവിച്ച ഒരു ജീവനക്കാരന്റെ കാര്യത്തിൽ ബാധകമാകുന്ന പ്രത്യേക വ്യവസ്ഥകളാണ് 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4)-ന്റെ പ്രൊവൈസോകളിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത സെക്ഷന്റെ ഒന്നാം പ്രൊവൈസോ പ്രകാരം സർവ്വീസിലിരിക്കെ വഹിച്ചുകൊണ്ടിരിക്കുന്ന തസ്തികയിൽ തുടർന്ന് സേവനമനുഷ്ഠിക്കാൻ കഴിയാത്തവിധം വികലാംഗത്വം സംഭവിച്ച ജീവനക്കാരനെ അതേ ശമ്പള സ്കെയിലും സർവ്വീസ് ആനുകൂല്യങ്ങളും ഉള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതാണെന്നും ഇപ്രകാരം അനുയോജ്യമായ തസ്തിക ലഭ്യമല്ലാത്തപക്ഷം അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ വിരമിക്കൽ തീയതി വരെയോ ഏതാണോ ആദ്യം അത് വരെ സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണെന്ന് രണ്ടാം പ്രൊവിസോയും വ്യവസ്ഥ ചെയ്യുന്നു. ഈ സാഹചര്യത്തിൽ അപകടത്തിൽപ്പെട്ട് ശരീരം തളർന്നുപോയ സ്പെഷ്യൽ വില്ലേജ് ഓഫീസറായ ശ്രീ. മനോജ് കുമാർ ജി. യെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംരക്ഷിച്ച് ടി തസ്തികയിൽ നിയമിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു."

4. തുടർന്ന് ശ്രീ. മനോജ് കുമാർ ജി. ക്ക് 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 20(4) പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ടിയാളുടെ തസ്തികയിൽ 'സൂപ്പർന്യൂമററി തസ്തിക' സൃഷ്ടിക്കാമോ എന്നത് സംബന്ധിച്ചും ഏത് തീയതി മുതൽ ടിയാന് അപ്രകാരം ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കാം എന്നത് സംബന്ധിച്ചും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"അപകടത്തിൽപ്പെട്ട് ശരീരം തളർന്ന് അവശതയിലായ ശ്രീ. മനോജ് കുമാർ ജി.-ക്ക് തലശ്ശേരി ജനറൽ ആശുപത്രി മെഡിക്കൽ ബോർഡ് 08.02.2024 ൽ നൽകിയിട്ടുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ (90% - permanent disability ) വെളിച്ചത്തിൽ, ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാളുടെ ശമ്പളവും അലവൻസുകളും അർഹമായ മറ്റെല്ലാ ആനുകൂല്യങ്ങളും സംരക്ഷിച്ച് സർവീസിൽ നിലനിർത്തുന്നതിനും, Disability Certificate ലെ തീയതി പ്രാബല്യത്തിൽ RPWD Act 2016, സെക്ഷൻ 20(4)-ലെ വ്യവസ്ഥ പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനും അനുമതി നൽകുന്നു.

ഇതിനു ബഹു. ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ. മനോജ് കുമാർ ജി.-ക്ക് ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 08.02.2024 പ്രാബല്യത്തിൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 20(4) ലെ വ്യവസ്ഥ പ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിന് ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നത് സംബന്ധിച്ച വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

(i) കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ വെള്ളാർവള്ളി വില്ലേജിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മനോജ് കുമാർ ജി. യെ ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ തീയതിയായ 08.02.2024 പ്രാബല്യത്തിൽ സർവ്വീസിൽ നിലനിർത്തുന്നതിനായി 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാമോ;

ii) എങ്കിൽ, ടിയാന് 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) വകുപ്പ് പ്രകാരം അർഹമായ ശമ്പളവും മറ്റാനുകൂല്യങ്ങളും 08.02.2024 തീയ്യതി പ്രാബല്യത്തിൽ അനുവദിക്കാമോ?